പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:662 — 29.06.2011- ലെ മറുപടി

## കണിയാപുരം കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി

ചോദ്യം — ഉത്തരം

ശ്രീ. പാലോട് രവി — ശ്രീ.വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം ജില്ലയിലെ കണിയാപുരം കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇവിടെ ഡീസൽ പമ്പ് ഇല്ലാത്ത സാഹചര്യത്തിൽ ദൂരസ്ഥലങ്ങളിലെ ഡിപ്പോകളിൽ പോയി ഇന്ധനം നിറയ്ക്കേണ്ടി വരുന്നതുമൂലം നിരവധി സർവ്വീസുകൾ റദ്ദ് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കണിയാപുരം ഡിപ്പോയിൽ ഡീസൽ പമ്പ് ഇല്ലാത്തതിനാൽ നെടുമങ്ങാട് സെക്ടറിലേക്കുള്ള വാഹനങ്ങൾ നെടുമങ്ങാട് ഡിപ്പോയിൽ നിന്നും ആറ്റിങ്ങൽ സെക്ടറിലേക്കുള്ള വാഹനങ്ങൾ ആറ്റിങ്ങൽ ഡിപ്പോയിൽ നിന്നും തിരുവനന്തപുരം സെക്ടറിലേക്കുള്ള വാഹനങ്ങൾ വികാസ് ഭവൻ ഡിപ്പോയിൽ നിന്നുമാണ് ഡീസൽ നിറയ്ക്കുന്നത്. തന്മൂലം ഷെഡ്യൂൾ ട്രിപ്പുകൾ റദ്ദാക്കേണ്ടിവരികയും സമയക്രമം പാലിക്കാതെ വരികയും ചെയ്യുന്ന അവസ്ഥ ചിലപ്പോൾ സംജാതമാകാറുണ്ട്. |
| (സി) | പ്രസ്തുത ഡിപ്പോയിൽ അടിയന്തിരമായി ഡീസൽ പമ്പ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (സി) | ഡിപ്പോയുടെ പിൻഭാഗത്ത് വളരെ താഴ്ന്നു കിടക്കുന്ന സ്ഥലം നികത്തിയെടുത്താൽ മാത്രമേ പമ്പ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |
| (ഡി) | സ്ഥലപരിമിതിമൂലം ജീവനക്കാർ ബുദ്ധിമുട്ടുന്ന | (ഡി) | നിലവിൽ തീരുമാനം എടുത്തിട്ടില്ല. |

| | | | |
|---|---|---|---|
| | സാഹചര്യത്തിൽ ഡിപ്പോയിൽ നിലവിലുള്ള കെട്ടിടത്തിന്റെ മുകളിൽ ഒരു നില കൂടി നിർമ്മിക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ; | | |
| (ഇ) | ഡിപ്പോ പ്രവർത്തിക്കുന്ന സ്ഥലത്തിന് പുറകിലുള്ള വെള്ളം കെട്ടി നിൽക്കുന്ന ചതുപ്പ് പ്രദേശം മണ്ണിട്ടു നികത്തി ഇപ്പോൾ നാഷണൽ ഹൈവേയിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഉണ്ടാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; | (ഇ) | ഡിപ്പോയുടെ പുറകിലുള്ള ചതുപ്പ് പ്രദേശം നികത്തുന്നതിനും കൂടുതൽ ചെലവ് വേണ്ടി വരുന്നതിനാലും, സമീപവാസികൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാലും ഇതു വരെ പ്രസ്തുത കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല. |
| (എഫ്) | കണിയാപുരം ഡിപ്പോയിൽ നിന്നും എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ; | (എഫ്) | കണിയാപുരം യൂണിറ്റിൽ ആറ് (6) JnNURM സർവ്വീസുകൾ ഉൾപ്പെടെ 61 ഷെഡ്യൂളുകൾ നിലവിലുണ്ട്. |
| (ജി) | ഈ പ്രദേശത്തെ രൂക്ഷമായ യാത്രാക്ലേശം പരിഹരിക്കാൻ അടിയന്തിരമായി പുതിയ 10 ബസ്സുകൾ കൂടി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ? | (ജി) | നിലവിൽ 55 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനായി സ്പെയർ ബസുകൾ ഉൾപ്പെടെ 66 ബസുകൾ നൽകിയിട്ടുണ്ട്. എന്നിരുന്നാലും പഴയ ബസുകൾ സ്ക്രാപ്പ് ചെയ്യുകയും പുതിയ ഷെഡ്യൂളുകൾ ആരംഭിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പുതിയ ബസുകൾ ഇറങ്ങുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ